**India Foundation for the Arts (IFA)** invites applications for
**Productions**
under its **Arts Practice** programme

**Application Deadline: July 05, 2024**

കലാകൃത്തുക്കൾക്ക് അവരുടെ നിലവിലുള്ള പ്രയോഗ രീതികൾ പുതിയ ദിശകളിലേക്ക് വികസിപ്പിക്കുവാൻ സഹായിക്കുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള ആട്സ് പ്രാക്ടീസ് പ്രോഗ്രാം പുതിയ പ്രൊപോസലുകൾ ക്ഷണിക്കുന്നു. സ്വീകാര്യമായ നടപ്പുരീതികളെ ചോദ്യം ചെയ്യുന്നതും; ഉള്ളടക്കം, ഘടന, മാധ്യമം എന്നിവയിൽ പുതിയ പരീക്ഷണങ്ങൾ സാധ്യമാക്കുന്നതും; ഇടം, പ്രേക്ഷകർ, സമൂഹങ്ങൾ എന്നിവയുമായി ഇടപഴകുന്നതും; പുതിയ മാതൃകകൾ പര്യവേഷണം ചെയ്യുന്നതും; പരീക്ഷണാത്മകതയെ മുൻകൂട്ടി കാണുന്നതുമായ പദ്ധതികളെയാണ് പ്രധാനമായും പ്രോത്സാഹിപ്പിക്കുന്നത്.

**കലാപദ്ധതികളുടെ രൂപീകരണം**

നിലവിലുള്ള ചട്ടക്കൂടുകളെ വെല്ലുവിളിച്ചുകൊണ്ടും പുതിയ സാധ്യതകളെ ഉപയോഗിച്ച് കൊണ്ടുമുള്ള ഒരു കലാകൃത്തിന്റെ യാത്രയിൽ സ്വന്തം കലാപ്രവൃത്തിയെ പുനർനവീകരിക്കേണ്ട ഒരു ഘട്ടത്തെ അവർ അഭിമുഖം ചെയ്യാറുണ്ട്. പരീക്ഷണപരതയും അന്വേഷണത്വരയുമുൾക്കൊള്ളുന്ന പുതിയ കലാപദ്ധതികൾക്ക് രൂപം കൊടുക്കാനുള്ള അവസരമായി അത്തരം സന്ദർഭങ്ങൾ മാറാറുണ്ട്.

സർഗ്ഗാത്മക പര്യവേക്ഷണങ്ങളെ ലക്ഷ്യം വെയ്ക്കുന്ന തരത്തിൽ ഇത്തരം അന്വേഷണങ്ങളിൽ നിന്ന് ഉയർന്നുവരുന്ന പുതിയ കലാപദ്ധതികൾ രൂപീകരിക്കുന്നതിനായാണ് ആർട്സ് പ്രാക്ടീസ് പ്രോഗ്രാമിന് കീഴിൽ ഐ എഫ് എ പ്രൊപോസലുകൾ ക്ഷണിക്കുന്നത്. അവതരണകല, ശബ്ദകല, ദൃശ്യകലകൾ, ഡിജിറ്റൽ സൃഷ്ടികൾ, സാഹിത്യകല അല്ലെങ്കിൽ ഈ ഘടകങ്ങൾ സംയോജിപ്പിക്കുന്ന അന്തർവിഷയ സ്വഭാവമുള്ള പദ്ധതികൾ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നാണ് അപേക്ഷകൾ ക്ഷണിക്കുന്നത്. ഡോക്യുമെന്ററി അല്ലെങ്കിൽ വ്യവസ്ഥാപിത ചലചിത്രകലയുടെ സങ്കേതങ്ങൾക്കുമപ്പുറമുള്ള കലാപദ്ധതികൾ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു, കൂടാതെ തിയേറ്റർ, നൃത്തം, സംഗീത പ്രകടനങ്ങൾ, ഇൻസ്റ്റലേഷനുകൾ, എക്സിബിഷനുകൾ, പുസ്തകങ്ങൾ അല്ലെങ്കിൽ സൈനുകൾ പോലുള്ള പ്രസിദ്ധീകരണങ്ങൾ, ചലിക്കുന്ന ഇമേജ് അവതരണങ്ങൾ, ഗെയിമുകൾ, ഡിജിറ്റൽ ആർട്ട്വർക്കുകൾ, മറ്റ് നൂതന രൂപങ്ങൾ എന്നിവയ്ക്കുള്ള പ്രൊപോസലുകളെയും സ്വാഗതം ചെയ്യുന്നു. കൂടാതെ പേരിടാൻ കഴിയാത്ത വിധം നൂതനവും പരീക്ഷണാത്മകവുമായ കലാപദ്ധതികളുടെ രൂപീകരണം സാധ്യതകളെയും ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്.

**പദ്ധതിയുടെ കാലയളവ്** : 18 മാസം വരെ

**ബഡ്ജറ്റ്** : പരമാവധി 5,00,000/ രൂപ വരെ *(നിർദ്ദിഷ്ട ബജറ്റിന്റെ 35% കവിയാത്ത ഒരു ഓണറേറിയത്തിനായി നിങ്ങൾക്ക് അപേക്ഷിക്കാവുന്നതാണ്)*

**പ്രൊപോസൽ സമർപ്പിക്കേണ്ട അവസാന തീയതി** : July 5, 2024

**ആർക്കൊക്കെയാണ് പ്രൊപോസലുകൾ അയക്കാൻ കഴിയുന്നത്?**

കലയുമായി നേരിട്ടു ബന്ധമുള്ള വിഷയങ്ങൾ കേന്ദ്രീകരിച്ചും വിഷയാന്തർ സ്വഭാവമുള്ളതുമായ പദ്ധതികൾക്കാണ് കലാപ്രയോക്താക്കളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നത്.

- സംഗീതം, ശബ്ദകല, അക്ഷര–വാക്യകല (ടെക്സ്റ്റ്), നൃത്തം, ചലനകല, നാടകം, പാവകളി, കഥ പറച്ചിൽ, മാജിക്, സർക്കസ് തുടങ്ങി അവതരണ സ്വഭാവമുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന കലാപ്രയോക്താക്കൾ
- സിനിമ (ഡോക്യുമെന്ററിയും ഫിക്ഷനും), അനിമേഷൻ, ഫോട്ടോഗ്രഫി, ഇൻസ്റ്റലേഷൻ, ന്യൂമീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഇന്ററാക്ടീവ് ആർട്സ്, ഗെയിമിംഗ്, ചിത്രകല, ശിൽപ്പകല, പ്രിന്റ് മേക്കിംഗ്, കോമിക് പുസ്തകങ്ങൾ, ഗ്രാഫിക് ആഖ്യാനങ്ങൾ, ആർടിസ്റ്റ് ബുക്ക് തുടങ്ങിയ മാധ്യമങ്ങളിലും, പലതരം മാധ്യമങ്ങൾ സംയോജിപ്പിച്ചു കൊണ്ടും സൃഷ്ടികൾ നടത്തുന്ന കലാപ്രയോക്താക്കൾ
- ഗാലറി സങ്കേതങ്ങൾക്ക് പുറത്ത് സംഘാടനം നിർവ്വഹിക്കുന്ന ക്യുറേറ്റർമാർ
- കവികൾ, നോവലിസ്റ്റുകൾ, നാടകകൃത്തുക്കൾ തുടങ്ങി സാഹിത്യാദി കലകളിൽ പ്രവർത്തിക്കുന്നവർ.
- വിഷയാന്തർസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ക്രിയാത്മക പ്രവർത്തകർ.

**യോഗ്യത:**

നിങ്ങൾ ഒരു ഇന്ത്യൻപൗരനാണെങ്കിൽ പ്രോജക്റ്റ് പ്രൊപോസൽ അയയ്ക്കാൻ അർഹതയുണ്ട്. നിങ്ങളുടെ സഹപ്രവർത്തകരും ഇന്ത്യൻ പൗരന്മാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഇവിടെ ക്ലിക്ക് ചെയ്യുക.

**പ്രൊപോസലുകൾ എങ്ങനെ സമർപ്പിക്കാം?**

നിങ്ങളുടെ സി.വിയും (വിലാസം, ഫോൺ നമ്പർ, ഇമെയിൽ ഐഡി എന്നിവയോടൊപ്പം) ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രൊപോസലും ഞങ്ങൾക്ക് അയയ്ക്കുക:

- ഒരു പ്രയോക്താവ് എന്ന നിലയിൽ നിങ്ങളുടെ നിലവിലുള്ള കലാപ്രയോഗങ്ങൾ, ആശങ്കകൾ, താൽപ്പര്യങ്ങൾ
- നിങ്ങൾ ആവിഷ്ക്കരിക്കാൻ താൽപ്പര്യപ്പെടുന്ന കലാസൃഷ്ടിയെക്കുറിച്ചുള്ള വിശദാംശങ്ങളും അതിനുള്ള കാരണവും
- പദ്ധതി ആവിഷ്ക്കരിക്കുന്നതിനാവശ്യമായ വിശദമായ സമയക്രമവും ബജറ്റും
- മുൻപ് ചെയ്തിട്ടുള്ള സൃഷ്ടികളുടെ ഉദാഹരണങ്ങൾ

**പ്രൊപോസൽ സമർപ്പണം**

ഇംഗ്ലീഷ് ഉൾപ്പെടെ ഏത് ഇന്ത്യൻ ഭാഷയിലും നിങ്ങളുടെ പ്രൊപോസൽ എഴുതാവുന്നതാണ്. ഇംഗ്ലീഷിതര ഇന്ത്യൻ ഭാഷകളിൽ സമർപ്പിക്കുന്ന പദ്ധതികളെ ഐഎഫ്എ പ്രോത്സാഹിപ്പിക്കുന്നു.

നിങ്ങളുടെ പ്രൊപോസലിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്കും വിശദീകരണത്തിനും ദയവായി June 21, 2024 നു മുൻപ് എഴുതുക mridupankhi@indiaifa.org

ഫൈനൽ പ്രൊപോസലും അനുബന്ധ രേഖകളും 25 എം.ബിയിൽ കൂടാത്ത ഒരൊറ്റ ഇമെയിലായി മൃദുപംഖിക്ക്, mridupankhi@indiaifa.org എന്ന ഐഡിയിലേക്ക് July 05, 2024 നു മുൻപ് അയക്കേണ്ടതാണ്.

അപൂർണ്ണമായ പ്രൊപോസലുകളും യോഗ്യതാ മാനദണ്ഡത്തിൽപെടാത്ത അപേക്ഷകളും നിരസിക്കപ്പെടുമെന്ന് ദയവായി ശ്രദ്ധിക്കുക.

**തിരഞ്ഞെടുപ്പ് പ്രക്രിയ:**

തെരഞ്ഞെടുക്കുന്ന പ്രോപോസലുകൾ ഒരു ബാഹ്യപാനൽ വിലയിരുത്തുകയും അപേക്ഷകർ അവരുടെ ആശയങ്ങൾ പാനലിൽ അവതരിപ്പിക്കുകയും വേണം. പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്ത അപേക്ഷകൾ 2024 സെപ്തംബറിൽ പ്രഖ്യാപിക്കും.

**തെരഞ്ഞെടുക്കുന്ന എല്ലാ പദ്ധതികളും ഐ എഫ് എ നടപ്പിൽ വരുത്തുന്നതാണ്.**

കുട്ടികൾ ഉൾപ്പെടെ എല്ലാവരെയും പിന്തുണയ്ക്കുകയും ബഹുമാനിക്കുകയും കരുതുകയും ചെയ്യുന്ന സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ IFA എപ്പോഴും പ്രതിജ്ഞാബദ്ധമായിരിക്കും. അപേക്ഷകർ ഐ എഫ് എ യുടെ ആശയങ്ങളുമായി പൊരുത്തപ്പെടുകയും എല്ലായ്പ്പോഴും അതിന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കുകയും വേണം.